**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2577** **12-10-2021 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സൗരോർജ്ജ വൈദ്യുതി പ്ലാന്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വീടുകളിൽ പുരപ്പുറ സൗരോർജ്ജ വൈദ്യുതി പ്ലാന്റുകൾ സ്ഥാപിക്കുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് വകുപ്പ് നൽകി വരുന്നതെന്ന് അറിയിക്കാമോ; ഈ വൈദ്യുതി വാങ്ങുവാൻ കെ.എസ്.ഇ.ബി. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇതിന്റെ നടപടിക്രമങ്ങളും വിശദാംശങ്ങളും അറിയിക്കാമോ? | (എ) | 'സൗര' പദ്ധതി പ്രകാരം പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നവർക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. ഒന്നാംഘട്ട 'സൗര' പദ്ധതിയിലെ മൂന്ന് മോഡലുകളിൽ ഒന്നും രണ്ടും അപേക്ഷിച്ച ഉപഭോക്താക്കൾക്ക് കെ.എസ്.ഇ.ബി.എൽ. മുതൽ മുടക്കിലാണ് പദ്ധതി നടപ്പാക്കുന്നത്. മോഡൽ ഒന്നിൽ സ്ഥാപിച്ചിരിക്കുന്ന നിലയത്തിന്റെ 10 ശതമാനം ഊർജ്ജ ഉൽപ്പാദനം ഉപഭോക്താവിന് തന്റെ ഉപഭോഗത്തിൽ കുറവു ചെയ്ത് നൽകുന്നു. മോഡൽ രണ്ടിൽ ഉൽപ്പാദിപ്പിക്കുന്ന ഊർജ്ജം ഉപഭോക്താവിന് സോളാർ താരിഫിൽ നൽകുന്നു. ഇതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ബില്ലിംഗ് നടപടി ക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. വാങ്ങുന്നതിന് ഉപഭോക്താവ് പ്രത്യേകമായി അപേക്ഷ നൽകേണ്ടതില്ല. പദ്ധതിയുടെ കരാറിലും ബില്ലിംഗ് നടപടി ക്രമത്തിലും ഇത് ഉൾപ്പെട്ടിരിക്കുന്നു. രണ്ടാംഘട്ട 'സൗര' പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്ക് വേണ്ടി മാത്രമാണുള്ളത്. ഇതിൽ 1 മുതൽ 3 വരെ കിലോവാട്ട് ശേഷിയുള്ള നിലയങ്ങൾക്ക് 40 ശതമാനം സബ്സിഡിയും 4 മുതൽ 10 വരെ കിലോവാട്ട് ശേഷിയുള്ള നിലയങ്ങൾക്ക്, ആദ്യ 3kw ന് 40 ശതമാനവും തുടർന്ന് 20 ശതമാനവും എന്ന നിരക്കിൽ കേന്ദ്ര സബ്സിഡി ലഭിക്കുന്നതായിരിക്കും. അതുപോലെ സാമ്പത്തിക സൗകര്യമില്ലാത്ത ഉപഭോക്താക്കളെ പദ്ധതിയുടെ ഭാഗമാക്കാൻ വേണ്ടി ആകെ മുതൽ മുടക്കിന്റെ 12%, 20%, 25% എന്നിങ്ങനെ മാത്രം മുടക്കാവുന്ന മൂന്ന് മോഡലുകളാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് മുന്നോട്ട് വച്ചിരിക്കുന്നത്. ഇതുവഴി ഉപഭോക്താവിന് 25% മുതൽ 50% വരെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വിഹിതം ലഭിക്കും. 500 kw വരെയുള്ള നിലയങ്ങൾ സ്വന്തം ചെലവിൽ/ |

| | | | |
|---|---|---|---|
| | | | സബ്സിഡി പദ്ധതിയിൽ സ്ഥാപിക്കുന്ന ഉപഭോക്താക്കൾക്കും ഉല്പാദിപ്പിക്കുന്ന വൈദ്യുതി മിച്ചം വന്നാൽ കെ.എസ്.ഇ.ബി.എൽ. വാങ്ങുന്നതാണ്. ഇതിന് പ്രത്യേക അപേക്ഷ ആവശ്യമില്ല. പദ്ധതി പ്രകാരം കെ.എസ്.ഇ.ബി.എൽ. ഗ്രിഡുമായി നിലയം സ്ഥാപിക്കുന്ന സമയത്ത് ഏർപ്പെടുത്തുന്ന എഗ്രിമെന്റിൽ (നെറ്റ് മീറ്ററിംഗ് എഗ്രിമെന്റ്) ഇതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സബ്സിഡി പദ്ധതിയിൽ ഇപ്പോൾ 3kw-ന് മുകളിലുള്ള നിലയങ്ങൾ ഉപഭോക്താക്കൾക്ക് കെ.എസ്.ഇ.ബി.എൽ.-ന്റെ വെബ്സൈറ്റ് മുഖേനയോ/ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് മുഖേനയോ അപേക്ഷിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ